# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 2435

2018 ഡിസംബർ 6 -ലെ മറുപടിക്ക്

## ധനകാര്യ പരിശോധന വിഭാഗം

| ചോദ്യം<br><br>ശ്രീ.വി.ടി.ബൽറാം | ഉത്തരം<br>ഡോ. റ്റി.എം. തോമസ് ഐസക്<br>ബഹു: ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| **(എ)** സംസ്ഥാനത്ത് 2016-17, 2017-18, 2018 ഒക്ടോബർ വരെയുള്ള കാലയളവിൽ ധനകാര്യ വകുപ്പിന്റെ പരിശോധനാ വിഭാഗം നടത്തിയ പരിശോധനയിൽ എത്ര ഓഫീസുകളിൽ ക്രമക്കേട് കണ്ടെത്തി എന്ന് വിശദമാക്കാമോ; | 2016-17 മുതൽ 2018 ഒക്ടോബർ വരെയുള്ള കാലയളവിൽ ധനകാര്യ വകുപ്പിന്റെ പരിശോധനാ വിഭാഗം നടത്തിയ പരിശോധനയിൽ 419 ഓഫീസുകളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. |
| **(ബി)** അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | പരിശോധനയിലെ കണ്ടെത്തലുകളും, പരിഹാര നിർദ്ദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിശോധനാ റിപ്പോർട്ടുകൾ തുടർ നടപടികൾക്കായി ബന്ധപ്പെട്ട ഭരണവകുപ്പുകൾക്ക് കൈമാറിയിട്ടുണ്ട്. അതാത് ഭരണവകുപ്പുകളാണ് തുടർനടപടികൾ സ്വീകരിക്കേണ്ടത്. |
| **(സി)** ക്രമക്കേട് കണ്ടെത്തിയ വകയിൽ എത്ര തുക സർക്കാരിലേക്ക് ലഭിച്ചു എന്ന് വ്യക്തമാക്കാമോ; | ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടുകളിന്മേലുള്ള തുടർ നടപടികളുടെ അടിസ്ഥാനത്തിൽ 31,80,315/- രൂപ (മുപ്പത്തിയൊന്നു ലക്ഷത്തി എൺപതിനായിരത്തി മുന്നൂറ്റിപതിനഞ്ച് രൂപ മാത്രം) സർക്കാരിലേക്ക് ലഭിച്ചിട്ടുണ്ട്. |
| **(ഡി)** ഇൻസ്പെക്ഷൻ നടത്തിയ വകയിൽ അണ്ടർ സെക്രട്ടറി മുതൽ അഡീഷണൽ സെക്രട്ടറി വരെയുള്ളവർ 2017-18 മുതൽ നാളിതുവരെ ടി.എ. ഇനത്തിൽ എത്ര തുക കൈപ്പറ്റിയെന്നും വ്യക്തമാക്കുമോ? | ഇൻസ്പെക്ഷൻ നടത്തിയ വകയിൽ അണ്ടർ സെക്രട്ടറിമാർ മുതൽ അഡീഷണൽ സെക്രട്ടറി തലം വരെയുള്ള ഉദ്യോഗസ്ഥർ 2017-18 മുതൽ നാളിതുവരെ ടി.എ. ഇനത്തിൽ 3,55,891/- രൂപ (മൂന്ന് ലക്ഷത്തി അൻപത്തി അയ്യായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി ഒന്ന് രൂപാ മാത്രം) കൈപ്പറ്റിയിട്ടുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ